# കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും കേന്ദ്ര/സംസ്ഥാന ജീവനക്കാരുടെ സംഘടനകളുടെയും നേതൃത്വത്തിൽ

# 2020 നവംബർ 26 ന്

# രാജ്യം പൊതുപണിമുടക്കിലേക്ക്

- പൊതുമേഖലാ സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക.
- കർഷകദ്രോഹ നിയമങ്ങളും, തൊഴിലാളിവിരുദ്ധ കോഡുകളും പിൻവലിക്കുക.
- കേന്ദ്ര സർവ്വീസ്/പൊതുമേഖലാ ജീവനക്കാരെ നിർബന്ധപൂർവ്വം പിരിച്ചുവിടാനുള്ള നീക്കം ഉപേക്ഷിക്കുക.
- ആദായനികുതി പരിധിയിൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് പ്രതിമാസം 7500 രൂപ നൽകുക.
- ഒരാൾക്ക് പ്രതിമാസം 10 കിലോഗ്രാം ഭക്ഷ്യധാന്യം സൗജന്യമായി അനുവദിക്കുക.
- തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുക, തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക.
- സാർവ്വത്രിക പെൻഷൻ പദ്ധതി നടപ്പാക്കുക.

സഖാക്കളെ, സുഹൃത്തുക്കളെ,

നവഉദാരവൽക്കരണ നയങ്ങൾക്കെതിരെ ഇന്ത്യയിൽ ഇരുപതാമത്തെ പണിമുടക്കാണ് നവംബർ 26 ന് നടക്കാൻ പോകുന്നത്. തുടർന്ന് നടക്കാൻപോകുന്ന അനേകം സമരങ്ങളുടെ തുടക്കമാണ് ഈ പണിമുടക്ക്. ബഹുഭൂരിപക്ഷം വരുന്ന ചൂഷിത ജനവിഭാഗങ്ങളുടെ ആവശ്യങ്ങളും, നടുവൊടിഞ്ഞ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെയും ഉയർത്തി മുന്നോട്ടു നയിക്കുവാൻ കെൽപ്പുള്ള ബദൽ നയങ്ങളാണ് ഈ പണിമുടക്കിലൂടെ ഉന്നയിക്കുന്നത്.

കോവിഡ് 19 ന്റെ മറവിൽ, സ്വാതന്ത്ര്യാനന്തര ഇന്ത്യ വളർത്തിയെടുത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി കോർപ്പറേറ്റുകൾക്ക് തുച്ഛവിലയ്ക്ക് വിൽക്കുകയാണ് സർക്കാർ. റെയിൽവേ, ടെലികോം, കൽക്കരി ഖനികൾ, പെട്രോളിയം കമ്പനികൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ബഹിരാകാശ രംഗം ചുരുക്കത്തിൽ കരയും, ആകാശവും, ഭൂമിയും, ഭൂമിക്കടിയിലുള്ള പ്രകൃതിവിഭവങ്ങളും എല്ലാം കോർപ്പറേറ്റുകൾക്ക് നൽകുകയാണ്. കോവിഡ്കാലം സൃഷ്ടിക്കുന്ന തകർച്ചയിൽ നിന്ന് രാജ്യത്തിന്റെ സമ്പദ്ഘടനയെ പുനരുദ്ധരിക്കാൻ പൊതുമേഖലക്കുള്ള പങ്കിനെയും കഴിവിനെയും അവഗണിച്ചുകൊണ്ടാണ് ഇപ്പോഴത്തെ നടപടി. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ തുടങ്ങിയ മേഖലകളെല്ലാം കമ്പോളശക്തികൾക്ക് വിട്ടുകൊടുത്ത വികസിത മുതലാളിത്ത രാജ്യങ്ങളും, ഉദാരവൽക്കരണ നയങ്ങളുടെ വക്താക്കളായ സാമ്പത്തിക ശാസ്ത്രജ്ഞരും അവർ സഞ്ചരിച്ച പാത ശരിയായിരുന്നില്ലെന്ന് തിരിച്ചറിയുന്ന ഘട്ടത്തിലാണ് ഇന്ത്യൻ പൊതുമേഖലയെ മുച്ചൂടും തകർക്കുന്നത്.

രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിനു നേരെയുള്ള കടുത്ത കടന്നാക്രമണമാണ് സർക്കാർ പുതിയ തൊഴിൽ നിയമങ്ങളിലൂടെ നടത്തിയിരിക്കുന്നത്. പാസാക്കിയ മൂന്നു തൊഴിൽ നിയമങ്ങളും തൊഴിലാളികളുടെ അവകാശങ്ങളും, സാമൂഹ്യസുരക്ഷയും കവർന്നെടുക്കുന്നതാണ്. പാർലമെന്റിൽ ചർച്ച ചെയ്യാതെയാണ് ഈ നിയമങ്ങൾ പാസാക്കിയിരിക്കുന്നത്. കോർപ്പറേറ്റുകളെ സഹായിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇതുവരെ അനുഭവിച്ചിരുന്ന നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്ത എല്ലാ അവകാശങ്ങളും കവർന്നെടുത്ത് തൊഴിലാളികളെ നിരായുധരാക്കുകയാണ്. കോർപ്പറേറ്റുകൾക്ക് പരമാവധി ലാഭമുണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യം മാത്രമാണ് ഇതിനുപിന്നിൽ. നവഉദാരവൽക്കരണത്തിന്റെ ഭാഗമായി കൃഷിയെ വാണിജ്യവൽക്കരിക്കുകയും, കുത്തകകളുടെ

ചൂഷണത്തിനു വിധേയമാക്കുകയും ചെയ്യുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനു പൂർണ്ണത കൈവരിക്കുന്ന രീതിയിൽ കാർഷിക നിയമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ കർഷകനെ കൂടുതൽ ചൂഷണത്തിലേക്കും ദുരിതത്തിലേക്കും തള്ളിവിടുകയും ലഭ്യമായിരുന്ന പരിമിതമായ സംരക്ഷണംപോലും ഇല്ലാതാക്കുകയുമാണ് പ്രതിപക്ഷ നിർദ്ദേശംപോലും നിരാകരിച്ച് പാസാക്കിയ കാർഷിക ബില്ലുകൾ. ഇതിനെതിരെ രാജ്യത്ത് വൻപിച്ച കർഷക പ്രക്ഷോഭങ്ങളാണ് ഉയർന്നുവരുന്നത്.

ഭരണനിർവഹണം ശക്തിപ്പെടാനെന്ന വ്യാജേന കേന്ദ്രഗവൺമെന്റ് സർവ്വീസുകളിൽ പൊതുജന താല്പര്യാർത്ഥം സർവീസ് പൂർത്തിയാക്കുന്നതിന് മുമ്പുതന്നെ കേന്ദ്ര സർക്കാർ ജീവനക്കാരെയും, ഓഫീസർമാരെയും, കേന്ദ്ര പൊതുമേലാ ജീവനക്കാരെയും നിർബന്ധ റിട്ടയർമെന്റ് നൽകി പിരിച്ചുവിടാനുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു. ജീവനക്കാരെ ഭീഷണിപ്പെടുത്തി അടിമകളെപ്പോലെ പണിയെടുപ്പിക്കുവാൻ ഈ ഉത്തരവ് ദുരുപയോഗം ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല.

മഹാമാരിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട, ആദായനികുതിയുടെ പരിധിയിൽ വരാത്ത എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം 7500 രൂപവച്ച് നൽകണമെന്ന് ഇന്ത്യൻ തൊഴിലാളിവർഗ്ഗം ആവശ്യപ്പെടുന്നു. തളർന്ന് കിടക്കുന്ന സമ്പദ്ഘടനക്ക് ഉത്തേജനം നൽകാൻ സാധാരണ ജനവിഭാഗങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കുവാൻ ഇതുകൊണ്ട് സാധിക്കും.

നഗര-ഗ്രാമ പ്രദേശ വ്യത്യാസമില്ലാതെ അർദ്ധപട്ടിണിയിൽ ജീവിക്കുന്നവർക്ക് അവരുടെ ജീവൻ നിലനിറുത്തുവാൻ 10 കിലോഗ്രാം ഭക്ഷ്യധാന്യം ഈ മഹാമാരിക്കാലത്ത് സൗജന്യമായി നൽകുവാൻ സർക്കാർ തയ്യാറാവണം. ഫുഡ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ധാന്യം ഇതിനായി ഉപയോഗിക്കാൻ കഴിയും.

2005 ൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയായി ആരംഭിച്ച് 2009 ൽ മഹാത്മാഗാന്ധിയുടെ നാമധേയത്തിൽ അറിയപ്പെടാൻവേണ്ടി ഭേദഗതിചെയ്ത് നടപ്പാക്കിവരുന്ന ഈ പദ്ധതി തുടക്കംമുതൽ ശ്വാസംമുട്ടിയ്ക്കാനുള്ള വഴികളാണ് ഭരണാധികാരികൾ സ്വീകരിച്ചിരുന്നത്. എന്നാൽ ട്രേഡ് യൂണിയനുകളുടെ നിതാന്ത ജാഗ്രതകൊണ്ടുമാത്രമാണ് ഇപ്പോഴും തുടരുന്നത്. ഈ പദ്ധതി ഗ്രാമീണജനതക്ക് തൊഴിൽ ഉറപ്പുവരുത്തുന്നു. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് ഗ്രാമീണജനതയ്ക്ക് കൂടുതൽ ആശ്വാസം നൽകുന്ന നടപടി സ്വീകരിക്കണം.

നവഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി പെൻഷൻ നാമമാത്രമാക്കാനുള്ള ശ്രമം നടക്കുകയാണ്. "പെൻഷൻ ഔദാര്യമല്ല, മറിച്ച് മാറ്റിവച്ച വേതനമാണ്" എന്ന സുപ്രീംകോടതി നിരീക്ഷണമാണ് ഇന്ത്യയിലെ പെൻഷൻ പദ്ധതികളെ നിലനിറുത്തുന്നത്. നിലവിലുള്ള പെൻഷൻപദ്ധതി അട്ടിമറിക്കാനാണ് ന്യൂപെൻഷൻ പദ്ധതി കൊണ്ടുവന്നത്. ഇതുപ്രകാരം ഫണ്ടുകൾ ഊഹക്കച്ചവടരംഗത്ത് നിക്ഷേപിച്ച് കമ്പോളത്തിന്റെ ഗതിവിഗതിക്കനുസരിച്ച് ചെറിയൊരു തുക മാത്രമാണ് പെൻഷനായി നൽകുന്നത്. അതുകൊണ്ട് NPS പിൻവലിച്ച് നേരത്തെ ഉണ്ടായിരുന്ന പെൻഷൻ ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

കേന്ദ്ര ട്രേഡ് യൂണിയനുകൾ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾ പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.നെയും ജീവനക്കാരെയും നേരിട്ടും അല്ലാതെയും ബാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ നമ്മുടെ ഡിമാന്റുകളോടൊപ്പം പൊതു ഡിമാന്റുകൾകൂടി ഉയർത്തിപ്പിടിച്ച് നമ്മുടെ പോരാട്ടം ശക്തിപ്പെടുത്തണം. യു.പി.യിലെ വൈദ്യുതി തൊഴിലാളികളെ മാതൃകയാക്കി പൊരുതി വിജയിക്കലാണ് നമ്മുടെ മുന്നിലുള്ള ഏക പോംവഴി. പഞ്ചാബിലെ കർഷകരെപോലെ ചെറുത്തു നിൽക്കലാണ് നമ്മുടെ ലക്ഷ്യം. പോരാട്ടമല്ലാതെ മറ്റു പോംവഴിയില്ലായെന്ന് മനസ്സിലാക്കി നവംബർ 26-ന് നടക്കുന്ന ബി.എസ്.എൻ.എൽ. മേഖലയിലെ പണിമുടക്കും ദേശീയ പണിമുടക്കും വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

| | | |
|---|---|---|
| **സി. സന്തോഷ്കുമാർ** | **എസ്. പി. മോഹനകുമാർ** | **കെ. വി. ജോസ്** |
| സർക്കിൾ സെക്രട്ടറി (BSNLEU) | സർക്കിൾ സെക്രട്ടറി (NFTE) | സർക്കിൾ സെക്രട്ടറി (NUBSNLW) |
| **ടി. വി. രാജീവൻ നായർ** | **ജിനോ. എ. ആർ.** | **യു. പ്രേമൻ** |
| സർക്കിൾ സെക്രട്ടറി (BSNLMS) | സർക്കിൾ സെക്രട്ടറി (SNATTA) | സർക്കിൾ സെക്രട്ടറി (TEPU) |

തിരുവനന്തപുരം,
07-11-2020

**BSNLEU - NFTE (BSNL) - NUBSNLW (FNTO) - BSNL MS - SNATTA - TEPU - BSNLATM - BSNLOA**